


# വിശ്വസിക്കുന്നവന് നിത്യരക്ഷ

**നിയമാ. 11: 26–32; ഏശ. 41: 1–7; ഗലാ. 5: 16–26; ലൂക്കാ 8: 41–56**

ബ്ര. ജൂഡ് കോയിൽപ്പറമ്പിൽ MCBS
(Vol. 10, Issue 18)

മിശിഹായുടെ രണ്ടാം വരവിനെയും നമ്മുടെ സ്വർഗ്ഗപ്രാപ്തിയെയും ധ്യാനിക്കുന്ന ഏലിയാ സ്ലീവാ മൂശാക്കാലത്തിലെ ആറാം ആഴ്ചയിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുന്നു. സഭയാകുന്ന അമ്മ, ഇന്നത്തെ വചനത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു: "ഭൂമിയിലെ ചെറുതും വലുതുമായ നമ്മുടെ നൊമ്പരത്തിന്റെ വേളകളിൽ നമുക്ക് ആശ്രയമായി ക്രിസ്തുവുണ്ട്."

സുവിശേഷകനായ ലൂക്കാ നമുക്ക് ആദ്യം പരിചയപ്പെടുത്തുന്നത് സിനഗോഗ് അധികാരിയായ ജായ്റോസിനെയാണ്. യഹൂദർ ധ്യാനത്തിനും വചനവ്യാഖ്യാനത്തിനും ഒരുമിച്ചുകൂടുന്ന സ്ഥലമാണ് സിനഗോഗ്. ആ സിനഗോഗിലെ നേതാക്കന്മാരുടെ തലവനായ വ്യക്തിയായിരുന്നു ജായ്റോസ്. ഹൃദയം തകരുന്ന വേദനയോടെ ആയിരിക്കണം അവൻ ഈശോയെ സമീപിച്ച് കാൽക്കൽ വീഴുന്നത്. അവന്റെ നൊമ്പരത്തിന്റെ കാരണം, തന്റെ പന്ത്രണ്ടു വയസ്സു മാത്രം പ്രായമുള്ള ഏകപുത്രി മരണത്തെ മുന്നിൽക്കണ്ട് കിടക്കുന്നു എന്നതാണ്. ഈയൊരു അവസരത്തിൽ ഏതൊരപ്പന്റെ ഹൃദയമാണ് ആഴമായ ദുഃഖത്തിൽ പതിക്കാത്തത്.

സുവിശേഷകൻ രണ്ടാമതായി നമുക്ക് പരിചയപ്പെടുത്തുന്നത്, രക്തസ്രാവക്കാരിയായ ഒരു സ്ത്രീയെയാണ്. പന്ത്രണ്ടു വർഷത്തോളമായി അവളുടെ ഹൃദയം നൊമ്പരത്തിന്റെ താഴ്‌വരയാണ്. യഹൂദ ആചാരമനുസരിച്ച്, പന്ത്രണ്ടു വർഷമായി അവൾ, അശുദ്ധരുടെ ഗണത്തിലാണ്. അവൾ ആരെയൊക്കെ സ്പർശിക്കുന്നുവോ, അവരിലേയ്ക്കും അശുദ്ധി പകരും എന്ന യഹൂദചിന്ത അവളെ കൂടുതൽ മാനസീകദുഃഖത്തിന്റെ പിരിമുറുക്കത്തിലേയ്ക്ക് നയിച്ചിട്ടുമുണ്ടാകാം. ഒരു വൈദ്യനായിരുന്ന, സുവിശേഷകനായ ലൂക്കാ അവൾക്കു നൽകുന്ന വിശേഷണം ഇപ്രകാരമാണ്: "ആർക്കും സുഖപ്പെടുത്താൻ കഴിയാതിരുന്നവൾ." ശരീരത്തിന്റെ വേദനയും സാമൂഹിക അവഗണനയും നേരിടുമ്പോൾ ഏതു സ്ത്രീയുടെ ഹൃദയമാണ് നൊമ്പരപ്പെടാത്തത്?

നൊമ്പരപ്പെട്ട് മകൾക്കുവേണ്ടി ഈശോയെ സമീപിച്ച ജായ്റോസിനും, സുഖപ്പെടാനാഗ്രഹിച്ച രക്തസ്രാവക്കാരിയായ സ്ത്രീയ്ക്കും ലഭിച്ച സൗഖ്യാനുഭവം വിവരിച്ചുകൊണ്ട് ലൂക്കാ സുവിശേഷകൻ ഇന്ന് എന്നോടു ചോദിക്കുകയാണ്, "ഹൃദയത്തിൽ നൊമ്പരം കൊണ്ടുനടക്കുന്നവനാണോ നീ? എങ്കിൽ ക്രിസ്തു നിന്റെ അവകാശമണ്." നൊമ്പ

രപ്പെടുന്നവന്റെ അവകാശമാണ് ക്രിസ്തു. അതു കൊണ്ടായിരിക്കാം ഈശോ ഒരിക്കൽ പറഞ്ഞത്: ''അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം'' (മത്തായി 11:28-29). എന്റെ പ്രതിസന്ധികൾക്കുള്ള ഉത്തരം അവന്റെ പക്കലുണ്ട്.

നൊമ്പരപ്പെടുന്ന എനിക്ക് ക്രിസ്തുവാകുന്ന ഈ അവകാശം സ്വന്തമാക്കാനായി ഒന്നു മാത്രം ചെയ്താൽ മതി. ജായ്റോസിനെപ്പോലെ, രക്തസ്രാവക്കാരി സ്ത്രീയെപ്പോലെ ആഴമായ വിശ്വാസത്തോടെ അവന്റെ അടുക്കൽ ഒന്ന് വന്നു നിന്നാൽ മതി. ഓർക്കുക, ആഴമായ വിശ്വാസത്തോടെ എന്നത് പ്രധാനപ്പെട്ട കാര്യം തന്നെ. എന്റെ വിശ്വാസത്തിന്റെ മേഖലയിൽ ഞാൻ എവിടെ നിൽക്കുന്നുവെന്ന് ആത്മപരിശോധന ചെയ്യാം. അതറിയാൻ യാക്കോബ് 2:17 ശ്രദ്ധിക്കണം. ''പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജ്ജീവമാണ്.'' യാക്കോബ് ശ്ലീഹാ ഉന്നയിക്കുന്ന ഒരു ചോദ്യം വളരെ പ്രസക്തമാണ്. ''ഒരു സഹോദരനോ, സഹോദരിയോ ആവശ്യത്തിനു വസ്ത്രമോ, ഭക്ഷണമോ ഇല്ലാതെ കഴിയുമ്പോൾ, നിങ്ങളിലാരെങ്കിലും ശരീരത്തിന് ആവശ്യമായത് അവർക്കു കൊടുക്കാതെ, സമാധാനത്തിൽ പോവുക; തീ കായുക; വിശപ്പടക്കുക എന്നൊക്കെ അവരോട് പറയുന്നെങ്കിൽ അതുകൊണ്ട് എന്തു പ്രയോജനം?'' ക്രൈസ്തവ വിശ്വാസം ആഴമുള്ളതായി തീരുന്നത്, ജീവനുള്ളതായി തീരുന്നത്, പ്രവൃത്തികളിലൂടെയാണ്. ദൈവം ഏകനാണെന്ന് ഞാൻ വിശ്വസിക്കുന്നു. കൊള്ളാം, നല്ലത്, ഓർക്കുക, പിശാചുക്കളും അതു തന്നെ വിശ്വസിക്കുന്നു. അങ്ങനെയെങ്കിൽ എന്റെ വിശ്വാസത്തെ പിശാചുക്കളുടെ വിശ്വാസത്തിൽ നിന്ന് വ്യത്യസ്തമാക്കുന്നത് എന്താണ്?

പ്രിയമുള്ളവരെ, എന്റെ വിശ്വാസത്തെ വ്യത്യസ്തമാക്കുന്നത് എന്റെ പ്രവൃത്തികളായിരിക്കണം - എന്റെ പുണ്യപ്രവൃത്തികൾ. എന്റെ പ്രവൃത്തികളിലൂടെ ആയിരിക്കണം എന്റെ വിശ്വാസം ഞാൻ പ്രഘോഷിക്കേണ്ടത്. എന്റെ പ്രവൃത്തികൾ കണ്ടിട്ട് ഞാനൊരു ക്രിസ്തുശിഷ്യനാണെന്ന് എത്ര പേർ പറയും? ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നെന്ന് പറയുകയും അപരന്റെ നൊമ്പരം അകറ്റാൻ, അവന്റെ ഇല്ലായ്മകളെ പരിഗണിക്കാൻ ഒരു ചെറുവിരൽ പോലും അനക്കാതിരിക്കുകയും ചെയ്താൽ ഞാൻ കള്ളം പറയുന്നു. സ്വന്തം നൊ മ്പരത്തിന്റെ മദ്ധ്യേ അപരന്റെ വേദനകൾക്ക് കാതു കൊടുക്കുന്നവനാണ് ക്രിസ്തുശിഷ്യൻ. കാരണം, ഗുരു അത് കാട്ടിത്തന്നിട്ടുണ്ട്. കുരിശിൽ മാനസീ കവും ശാരീരികവുമായ വേദന അനുഭവിക്കുമ്പോ ഴും താഴെ നിൽക്കുന്ന തന്റെ അമ്മയുടെ ഹൃദയ നൊമ്പരങ്ങൾ മനസ്സിലാക്കാനായി അവനു സാ ധിച്ചു. അനാഥമാക്കപ്പെട്ട ആ ജീവിതത്തെ തിരിച്ചറിഞ്ഞ്, അവൻ യോഹന്നാനോടു പറഞ്ഞു: ''ഇ താ നിന്റെ അമ്മ.'' പ്രിയമുള്ളവരെ, ഒരു ക്രിസ്തുശിഷ്യന് സ്വന്തം നൊമ്പരങ്ങൾ, അപരന്റെ നൊമ്പ രങ്ങൾക്കു നേരെ കണ്ണടയ്ക്കാനുള്ള ലൈസൻ സല്ല. മറിച്ച്, അപരന്റെ നൊമ്പരത്തെക്കുറിച്ചുള്ള  ഓർമ്മപ്പെടുത്തലാണ്.

ഇന്ന് ലേഖനവായനയിലൂടെ പൗലോസ് ശ്ലീഹാ ആത്മാവിന്റെ ഫലങ്ങൾ ഏതെല്ലാമെന്ന് നമ്മെ ഓർമ്മിപ്പിച്ചു. സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടാൽ മാത്രമേ, എന്റെ നൊമ്പരങ്ങൾക്കിടയിലും എനിക്ക് അപരനെ സ്നേഹിക്കാനും അപരനോട് ദയ കാണിക്കാനും, ക്ഷമിക്കാനും സാധിക്കൂ. അതുകൊണ്ട് പരിശുദ്ധാത്മാവിനോട് നാം പ്രാർത്ഥിക്കണം: 'പരിശുദ്ധാത്മാവേ, എന്റെ വിശ്വാസത്തെ പ്രവൃത്തികളാൽ ആഴപ്പെടുത്താൻ എന്നെ സഹായിക്കണമേ' എന്ന്.

ജായ്റോസിന്റെയും, രക്തസ്രാവക്കാരി സ്ത്രീയുടെയും അനുഭവത്തിൽ നിന്ന് നാം മനസ്സിലാക്കി, നൊമ്പരപ്പെടുന്നവന്റെ അവകാശമാണ് ക്രിസ്തു എന്ന്. ഈ അവകാശം സ്വന്തമാക്കാൻ ആഴമായ വിശ്വാസത്തോടെ ക്രിസ്തുവിനെ സമീപിച്ചാൽ മതി. എന്റെ ആഴമായ വിശ്വാസം ഞാൻ പ്രകടിപ്പിക്കേണ്ടത്, നൊമ്പരങ്ങൾക്കിടയിലും അപരന്റെ വേദനകളെ പരിഗണിച്ചുകൊണ്ടാണ്. ഇവ അസാധ്യമായ  കാര്യങ്ങളല്ല എന്ന് ഈശോയും, മാതാവും, യൗസേപ്പിതാവും, വിശുദ്ധരും നമുക്ക് കാട്ടിത്തന്നിട്ടുണ്ട്. അലക്സാണ്ടറിന്റെ കുത്തേറ്റ് ആശുപത്രിയിൽ മരണത്തെ കാത്തുകിടക്കുമ്പോഴും മരിയ ഗൊരേത്തി എന്ന പെൺകുട്ടി പറഞ്ഞത്: ''അലക്സാണ്ടർ, നിന്നോടു ഞാൻ ക്ഷമിച്ചിരിക്കുന്നു.'' എന്നാണ്. കാരണം, അലക്സാണ്ടറിന്റെ ആത്മാവിന്റെ നൊമ്പരം അവൾ മനസ്സിലാക്കിയിരുന്നു. അപരന്റെ നൊമ്പരങ്ങൾ ഇല്ലാതാക്കാൻ ഞാൻ നടത്തുന്ന പരിശ്രമങ്ങൾ കാണുന്ന ദൈവം എന്റെ നൊമ്പരങ്ങൾ ഒപ്പാനയി കടന്നുവരും. അതു തീർച്ച.

അപരന്റെ നന്മയ്ക്കായി സ്വയം മുറിച്ചു നൽകുന്ന ദിവ്യകാരുണ്യത്തോട് നമുക്ക് പ്രാർത്ഥിക്കാം. 'ഞങ്ങളെ വിശ്വാസത്തിൽ ആഴപ്പെടുത്തണേ' എന്ന്.